**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1202 02-05-2017-ൽ മറുപടിക്ക്

**തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം**

| **ചോദ്യം**<br>**(ശ്രീ. എം. ഉമ്മർ)** | **മറുപടി**<br>**ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
|---|---|
| (എ) എഞ്ചിനീയറിംഗ് വിഭാഗത്തെ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലുള്ള ഉദ്യോഗസ്ഥരുടെ പ്രതിഷേധം വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വൻ തുകകളുടെ പദ്ധതി അനുവദിക്കേണ്ടി വരുമ്പോൾ രണ്ട് അധികാരകേന്ദ്രങ്ങൾ എന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നത് ;<br><br>(സി) ഇത്തരം നീക്കത്തിലൂടെ എന്ത് നേട്ടമാണ് കൈവരിക്കാൻ ഉദ്ദേശിക്കു ന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) യും (സി) യും തദ്ദേശ സ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017- '18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തസത്ത ഉൾകൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടത്തിപ്പിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഒഴിവാക്കുക എന്നതു കൂടി ലക്ഷ്യം വച്ചാണ് എഞ്ചിനീയറിംഗ് വിഭാഗത്തെ പ്രാദേശിക സർക്കാരുകളുമായി ബന്ധിപ്പിക്കുന്നതിനായി തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലും പ്രാദേശിക സർക്കാരുകളുടെ ഇതര പ്രവർത്തനങ്ങളിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനാണ് പ്രധാനമായും സംയോജനത്തിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. |
| (ഡി) ഉദ്ദേശിച്ച നേട്ടമുണ്ടാകുന്നില്ലെങ്കിൽ ഇക്കാര്യം പുന:പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി)) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**